മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. ആകെ മൂവ്വായിരം ഏക്കറുള്ളതിൽ ഫ ഫ ൦ ഏക്കർ സ്ഥലത്താണ കൃഷിചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

മിസ്റ്റർ പി. കെ. ഡീവർ: നാല്പത്തിനാലു് ഏക്കർ ഞാറക്കൽ എന്നു പറഞ്ഞിട്ടുള്ളതു ഈ ഫ ഫ ൦ ഏക്കറിൽ പെടുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: കന്നാറിൽ ഗ്രേസിങ്ങ് ഫാം (Cattle grazing farm) ഇപ്പോൾ ഫിഷ്ഫാം (Fish farm) ആയി തീർന്നിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഫിഷ്ഫാമിനോട് (Fish farm) കൂട്ടിച്ചേർക്കണമെന്നാണ വിചാരിച്ചിട്ടുള്ളതു്. അതിനുവേണ്ടി ചിലവുചെയ്യാൻ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: കഴിഞ്ഞ ബഡ്ജറ്റിൽ ബണ്ടു കെട്ടാൻ പണമുണ്ടായിരുന്നു. അതു കെട്ടിയിട്ടുണ്ട് എന്നു ഗവണ്മെണ്ടിന്നറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസുവേണം.

മിസ്റ്റർ കെ. എ. അച്യുതൻ. കന്നാറിൽ ഗ്രേസിങ്ങ് ഫാം (Cattle grazing farm) ഞാറക്കലോ, നായരമ്പലത്തോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഏതു വില്ലേജിലാണെന്നു തിരിച്ചറിയാൻ പാടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഫിഷിങ്ങ് നടത്തുവാനുള്ള അവകാശം ലേലം വിളിച്ചു കൊടുക്കുകയാണോ ചെയ്യുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അല്ല. ഡിപ്പാർട്ട്മെണ്ടിൽനിന്നും നേരിട്ടു നടത്തുകയാണു ചെയ്യുന്നതു്.

## RETRENCHMENT—ACTION SO FAR TAKEN BY GOVERNMENT—DETAILS REGARDING

144. (199) മിസ്റ്റർ എ. കെ.കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

വ്യയലഘൂകരണം (Retrenchment) സംബന്ധിച്ചു ഗവണ്മെണ്ടു് എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടിൽനിന്നു് നിയമിച്ച വ്യയലഘൂകരണകമ്മിറ്റിയുടെ നിർദ്ദേശങ്ങളെ അസ്പദമാക്കിയും, പുനരാലോചനയ്ക്കുശേഷം, ബ്ലൻഡ്സ്ടീസ് & കോമേർസ്, എക്സ്പ്രസ്സ്, കോ-ഓപ്പറേറ്റീവ്, അധികതോല്പാദനം, അഞ്ചൽ&റജിസ്ട്രേഷൻ,മെഡിക്കൽ എന്നീ ഡിപ്പാർട്ട്മെണ്ടുകളിലെ വ്യയലഘൂകരണം സംബന്ധിച്ചു് തീരുമാനകല്പനകൾ പാസ്സാക്കിയിട്ടുള്ളതും അവ ഗവണ്മെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആകുന്നു. മറ്റു ഡിപ്പാർട്ടുമെണ്ടുകളിലെ വ്യയലഘൂകരണം സംബന്ധിച്ചുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ടു്. വിദ്യാഭ്യാസ ഡയറക്ടരുടെ പേഴ്സനൽ അസിസ്റ്റണ്ടു് തസ്തിക നിർത്തലാക്കിയിട്ടുണ്ടു്.

**Mr. K. Kunhirama Menon** *(Cheruthuruthi)*: Being an import ant question, I may be allowed to put it, in the absence of Mr. A K. Kunhimoideen.

**Mr. President :** Yes.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: "മറ്റു ഡിപ്പാർട്ട്മെണ്ടുകളിലെ വ്യയലഘൂകരണം സംബന്ധിച്ചുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നുണ്ടു്" എന്നു പറയുന്നു. പിന്നെ എന്താണു കാലതാമസം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വളരെ വേഗത്തിൽ നടപ്പിൽ വരുത്തുന്നതാണ്. അതിന്റെ തീരുമാനങ്ങൾ അടുത്തുതന്നെ പുറത്തുവരും.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: കോ-ഓപ്പറേറ്റീവു്,മെഡിയ്ക്കൽ എന്നീ രണ്ടു ഡിപ്പാർട്ട്മെണ്ടുകളിൽനിന്നും എത്ര ലാഭമുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കോ-ഓപ്പറേറ്റീവു ഡിപ്പാർട്ട്മെണ്ടിൽ നിന്നു വ്യയലഘൂകരണം സംബന്ധിച്ചു ൪,൫ ൦ ൦ രൂപയും മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിൽ നിന്നു ന്ന,൫ ൦ ൦ രൂപയും കുറവുണ്ടാകുമെന്നാണു പ്രതീക്ഷിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഐ. പോൾ: ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റിൽ (Industrial Department) നിന്നും എന്തു ആദായമുണ്ടാകും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വ ൭, ൦ ൦ ൦ രൂപ ആദായമുണ്ടാകും.

മിസ്റ്റർ ടി. പി. സീതാരാമൻ: എഡ്യൂക്കേഷൻ ഡയറക്ടരുടെ പേഴ്സനൽ അസിസ്റ്റന്റിന്റെ തസ്തിക നിർത്തലാക്കീട്ടുണ്ടെന്നു പറയുന്നു. അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നു പിരിച്ചുവിട്ടുവൊ അതോ വേറെ വല്ല ജോലിയും കൊടുത്തുവൊ;

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹം വേറെ ജോലിക്കു പോയിട്ടുണ്ട്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ന ന, ൨ ൦ ൦ രൂപ മെഡിക്കൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് ആദായം ഉണ്ടാകുമെന്നു പറഞ്ഞുവല്ലൊ. അതു ഇപ്പോൾ തന്നെ ഉണ്ടാകുമോ?

മിസ്റ്റർ സി. ഒ. മൊയ്തു: അതു് ഒരു കൊല്ലംകൊണ്ടു പ്രതീക്ഷിക്കുന്ന ആദായമാണ്.

മിസ്റ്റർ എം. ഐ. പോൾ: ഇൻഡസ്ട്രിയൽ സ്കൂളുകൾ നിർത്തലാക്കുന്നു എന്നു പറയുന്നു. ഗവർമ്മെണ്ടു ഇൻഡസ്ട്രിയൽ സ്കൂളുകളാണൊ നിർത്തൽ ചെയ്യുന്നതു് അതോ എയിഡഡ് ഇൻഡസ്ട്രിയൽ സ്കൂളുകളാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവർമ്മെണ്ടിന്റെ വകയായ ചില ഇൻഡസ്ട്രിയൽ സ്കൂളുകളാണ് നിർത്തുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: നിർത്തുന്ന കൂട്ടത്തിൽ എയിഡഡ് ഇൻഡസ്ട്രിയൽ സ്കൂളുകൾ വല്ലതും പെടുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ലെന്നാണു തോന്നുന്നതു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ പേഴ്സനൽ അസിസ്റ്റന്റു തസ്തിക നിർത്തി എന്നു പറഞ്ഞു. അവിടെ വേറെ വല്ല ഉദ്യോഗവും നിർത്തലാക്കീട്ടുണ്ടോ? അവിടത്തെ വ്യയലഘൂകരണംമൂലം എന്തു് ആദായമുണ്ടാകും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ ചിലവുവരുന്ന സംഖ്യയിൽ അധികം ഭാഗവും അദ്ധ്യാപകന്മാരുടെ ശമ്പളത്തിനാണു ചിലവാകുന്നതു. എന്നുള്ള കാര്യം ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങൾക്കറിയാവുന്നതാണു്.

മിസ്റ്റർ വി. കെ. ജോസഫ്: എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ പേഴ്സനൽ അസിസ്റ്റന്റിന്റെ തസ്തിക നിർത്തലാക്കിയപ്പോൾ അതിലുണ്ടായിരുന്ന ഉദ്യോഗസ്ഥനെ വേറെ വല്ലയിടത്തും വച്ചിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തെ ട്രെയിനിങ്ങു് കോളേജിൽ ലക്ചററുടെ ഒഴിവിൽ വച്ചു.

മിസ്റ്റർ വി. കെ. ജോസഫ്: ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റിൽ നിർത്തലാക്കപ്പെട്ട തസ്തികകളിൽ നിർത്തലാക്കപ്പെട്ട ആളുകളെ വേറെ വല്ല തസ്തികകളിലും വയ്ക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു ഡിപ്പാർട്ട്മെന്റിൽ നിർത്തലാക്കപ്പെട്ട തസ്തികയിലുള്ള ഒരാളെ വേറൊരു ഡിപ്പാർട്ട്മെന്റിൽ വച്ചാൽ അതു വ്യയലഘൂകരണമാകുകയില്ല.

മിസ്റ്റർ എ. കെ. ജോർജ്ജ്: ഇൻഡസ്ട്രിയൽ ഡിപ്പാർട്ട്മെന്റിലെ വ്യയലഘൂകരണംമൂലം എത്രപേർ പുറത്തുപോകും?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വ ൦ പേർ ആണെന്നു തോന്നുന്നു.

മിസ്റ്റർ എ. കെ. ജോർജ്ജ്: അവർ മിക്കവാറും കൺഫേംഡ് ഹാൻഡ്സല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൺഫേംഡ് ഹാൻഡ്സുമുണ്ട്.

മിസ്റ്റർ കെ. കെ. വാസുപ്പണിക്കർ: റിട്രഞ്ച്മെൻറില്ലാത്ത വല്ല ഡിപ്പാർട്ട്മെന്റുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: റിട്രെഞ്ച്മെൻറു കല്പനകൾ പുറത്തുവരാത്ത ഡിപ്പാർട്ട്മെന്റുകൾ ഉണ്ട്.

മിസ്റ്റർ വി. കെ. ജോസഫ്: വ്യയലഘൂകരണകമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കൂടാതെ ഈ സഭയുടെ നിർദ്ദേശവും ഗവർമ്മെണ്ടു സ്വീകരിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തീർച്ചയായും സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഐ. പോൾ: ഇൻറസ്ട്രിയൽ ഡിപ്പാർട്ട്മെണ്ടിൽനിന്നു പിരിഞ്ഞുവന്ന ആളുകൾക്കു വേറെ വല്ല ഡിപ്പാർട്ട്മെണ്ടിലും ഉദ്യോഗങ്ങൾ കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻറസ്ട്രിയൽ ഡിപ്പാർട്ട്മെണ്ടിൽ റിട്രെഞ്ച്മെൻറ മൂലം ഉദ്യോഗം ഇല്ലാതായ ആളുകൾക്ക് വേറെ ഡിപ്പാർട്ട്മെണ്ടുകളിൽ ഒഴിവുവരുമ്പോൾ വയ്ക്കാനുള്ള നടപടികൾ നടത്തുന്നുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: ഇൻറസ്ട്രിയൽ ഡിപ്പാർട്ട്മെണ്ടിൽ Permanant ആയിരുന്ന ആളുകൾ പിരിഞ്ഞുപോയിട്ടുണ്ടല്ലൊ. അവർക്കു വേറെ ഡിപ്പാർട്ട്മെണ്ടിൽ ജോലി കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ഥിരം ഒഴിവിൽ ഉണ്ടായിരുന്ന ആളുകളുടെ കാര്യത്തെപ്പറ്റി വേണ്ടതു ചെയ്യാനുള്ള നടപടികൾ എടുക്കുന്നുണ്ട്.

മിസ്റ്റർ കെ. കണ്ണിരാമൻ മേനോൻ: മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൽ വ്യയലഘൂകരണമുണ്ടായിട്ട് പിന്നെയും ശമ്പളവും, പേഴ്സനൽ അലവൻസും മറ്റും വാങ്ങിക്കുന്നവരുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെയുള്ള ചില തസ്തികകൾ ഉണ്ട്.

മിസ്റ്റർ വി. കെ. ജോസഫ്: ഇതുപോലെ എത്ര പേർക്ക് പേഴ്സനൽ പെയ് കൊടുക്കുന്നുണ്ട് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശമ്പളം കുറച്ച് പേഴ്സനൽ പെയ് കൊടുത്തിട്ടുള്ള രണ്ടുമൂന്നു കേസ്സുകൾ ഉണ്ടായിട്ടുണ്ട്.

മിസ്റ്റർ എ. കെ. ജോർജ്ജ്: പേഴ്സനൽ പെയ് കൊടുക്കുന്ന ഏർപ്പാട് നിർത്തൽ ചെയ്യാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

മിസ്റ്റർ എ. ഈച്ചരമേനോൻ: തസ്തികകൾ വേണ്ടെന്നു വച്ചപ്പോൾ അതിലുണ്ടായിരുന്നവർ ജോലിയില്ലാത്തവരായില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ്. റിട്രെഞ്ച്മെൻറിൻെറ ഏറ്റവും അടുത്ത ഫലം റിട്രെഞ്ചുചെയ്ത ആൾക്കു ജോലിയില്ലാതാകുകയെന്നുള്ളതാണ്.

മിസ്റ്റർ എം. ഐ. പോൾ: ഇൻറസ്ട്രിയൽ ഡിപ്പാർട്ടുമെൻറിൽ നിന്നും പിരിഞ്ഞുവന്നവർ ഇൻറസ്ട്രിയലായ കോ-ഓപ്പറേറ്റീവു സൊസൈറ്റികൾ തുടങ്ങിയാൽ ഗവർമ്മെണ്ട് എന്തെങ്കിലും ധനസഹായം ചെയ്യുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

മിസ്റ്റർ ടി. പി. സീതാരാമൻ: വ്യയലഘൂകരണക്കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇൻറസ്ട്രിയൽ ഡിപ്പാർട്ടുമെൻറ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറുമായി യോജിപ്പിക്കുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവുമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇല്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇൻറസ്ട്രിയൽ ഡിപ്പാർട്ടുമെണ്ടിൽനിന്നും ഒഴിവാക്കീട്ടുള്ള ആളുകൾക്ക് ഇൻറസ്ട്രിയൽ സ്കൂൾ നടത്താൻ അനുവാദം കൊടുക്കുമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊടുക്കാൻ വിരോധമില്ല.

മിസ്റ്റർ സി. വി. ഇട്ടൂപ്: ഇൻറസ്ട്രിയൽ ഡിപ്പാർട്ടുമെണ്ടിൽനിന്നു പിരിച്ചു വിട്ടിട്ടുള്ളവർക്കു പെൻഷൻ കൊടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒഴിവാക്കീട്ടുള്ളവർക്കു പെൻഷൻ മാത്രമല്ല നിവർത്തിയുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കാൻ ആലോചനയുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: ഇൻറസ്ട്രിയൽ ഡിപ്പാർട്ടുമെണ്ടിൽനിന്നു ഒഴിവാക്കപ്പെട്ടിട്ടുള്ള ആളുകൾ ഇൻറസ്ട്രിയൽ സ്കൂളുകളോ മറ്റോ നടത്താൻ അപേക്ഷകൾ അയക്കുന്നതായാൽ ആലോചിക്കാമെന്നുപറയുകയുണ്ടായല്ലോ. വ്യക്തികൾ അയക്കുന്ന അപേക്ഷകളെപ്പറ്റിയോ, അതോ കോ-ഓപ്പറേറ്റീവു ബേസിസ്സിൽ അയക്കുന്ന അപേക്ഷകളെ പറ്റിയോ എതിനെപ്പറ്റിയാണു് ആലോചിക്കാം എന്നു പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപേക്ഷകരും വരുമ്പോൾ അല്ലെ എതു രീതിയിലുള്ള താണന്നറിയാൻ നിവർത്തിയുള്ളു. അപേക്ഷകരും വരുമ്പോൾ അതിനെപറ്റി ആലോചിക്കാം.

മിസ്റ്റർ ടി. എസ്സ്. ബന്ധു: ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെണ്ടിൽ നിന്നു ൨൦ കൊല്ലം സർവ്വിസുള്ള ആളുകളെ കൂടി പിരിച്ചുവിട്ടിട്ടുണ്ട്. അതേ അവസരത്തിൽ മറ്റു ചില ഡിപ്പാർട്ടുമെണ്ടുകളിൽ അനാവശ്യമായ ചില തസ്തികകളും വച്ചുകൊണ്ടിരിക്കുന്നുണ്ട്. ഉദാഹരണമായി പോലീസ് കമ്മീഷണറാപ്പീസിൽ ഹെഡ് ക്ലാർക്ക്, മാനേജർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് ഇങ്ങിനെ പല തസ്തികകളും ഉണ്ട്. ഇതിൽ പലതും അനാവശ്യമായിട്ടുള്ളതാണ്. ഇതിൽ പലതും നിർത്തൽ ചെയ്യണം. റിട്രെഞ്ചുമെൻറിൻെറ ഉദ്ദേശം തന്നെ ഉദ്യോഗങ്ങൾ കുറയ്ക്കുക എന്നുള്ളതാണല്ലൊ. അതുകൊണ്ട് ഇങ്ങിനെ അനാവശ്യമായ ഉദ്യോഗങ്ങൾ കുറയ്ക്കുകയാണ് വേണ്ടതു്. റിട്രെഞ്ചുമെൻറിൻെറ തത്വം മറ്റു ഡിപ്പാർട്ടുമെണ്ടുകളിലും അംഗീകരിക്കേണ്ടതാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞതു്.

**Mr President:** Is it speech or question?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മറ്റു ഡിപ്പാർട്ടുമെണ്ടുകളിലും റിട്രെഞ്ചുമെൻറ് ഉദ്ദേശിച്ചിട്ടുണ്ട്.

## PURCHASE PRICE OF THE POWER HOUSE OF THE C. S. P. & L. CORPORATION LTD.— PARTICULARS OF

**145.** (260A) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്ന് സദയം മറുപടി പറയുമോ.—

(എ) എറണാകുളത്തെ കൊച്ചിൻ സ്റ്റോറ്റ് പവ്വർ ആൻറ് ലൈറ്റ് കോർപ്പറേഷൻെറ (ചാന്ദ്രി കമ്പനി) പവ്വർ സ്റ്റേഷൻ ഗവർമ്മെണ്ടു തീറു വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു വിലയ്ക്കു്;

(ബി) ഇതിനു വല്ല വിദഗ്ദ്ധോപദേശവും ഗവർമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്റ്റേഷനേറയും അവിടത്തെ സ്റ്റാഫിനേറയും, ചിലവു ഗവർമ്മെണ്ടാണോ വഹിക്കുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) എറണാകുളത്തുള്ള കൊച്ചിൻ സ്റ്റോറ്റ് പവ്വർ ആൻറ് ലൈറ്റ് കോർപ്പറേഷൻെറ പവ്വർ ഹൌസ്സ് ഗവർമ്മെണ്ട് തീറു വാങ്ങിയിട്ടുണ്ട്. ൧,൭ ൦,൦൦൦ ഉറുപ്പികക്കു്.

(ബി) പൊതുമരാമത്തു മന്ത്രി, ചീഫ് എഞ്ചിനിയർ, ഗവർമ്മെണ്ടു സിക്രട്ടറി, (പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെണ്ടു്) കൺട്രോളർ ഓഫ് ഫൈനാൻസ് ആൻഡ് അക്കൌണ്ട്സ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, എലക്ട്രിക്കൽ ഡിവിഷൻ ഇവരെല്ലാവരുമായി കൂടിയാലോചന നടത്തിയതിനുശേഷമാണ് പവ്വർഹൌസ്സ് വാങ്ങുവാൻ തീരുമാനിച്ചതു്.

(സി) അതെ.

മിസ്റ്റർ കെ. കെ. കണ്ണൻ: എന്നാണ് ഗവർമ്മെണ്ടിതു വാങ്ങിയതു്?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഗവർമ്മെണ്ട് ഇതു വാങ്ങിയതിനു ശേഷം അവിടത്തെ തൊഴിലാളികൾക്കു ചാന്ദ്രിക്കമ്പനിക്കാർ കൊടുത്തിരുന്നതുപോലേയുള്ള ആനുകൂല്യങ്ങൾ ഗവർമ്മെണ്ട് കൊടുക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: അവർ കൊടുത്തിരുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കുമെന്നാണ് തോന്നുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ആ കമ്പനി ഗവർമ്മെണ്ടേറ്റെടുത്തപ്പോൾ അതിൽ ജോലി ചെയ്യുന്ന ആളുകൾക്ക് അതിനുമുമ്പ് ആ കമ്പനിയിലുണ്ടായിരുന്ന സർവ്വിസ് ഗവർമ്മെണ്ട് വകവെച്ചു കൊടുത്തിട്ടുണ്ടോ?

**Mr. K. Ayyappan:** These questions do not arise. I am not prepared to answer these supplementary question.

മിസ്റ്റർ വി. കെ. ജോസഫ്: ഈ കമ്പനി തീറു വാങ്ങുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: വാങ്ങേണ്ടതു് ആവശ്യമാണെന്നു ഗവർമ്മെണ്ടിനു തോന്നിയതുകൊണ്ടാണ് വാങ്ങിയതു്.

LIBRARY ARCHIVES Kerala Legislative Assembly